V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

മി. സ്പീക്കർ : സബ്മിഷൻസ് കഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് 1999-ലെ എക്കണോമിക് റിവ്യൂ മേശപ്പുറത്തുവയ്ക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ാം വർഷത്തെ എക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : കഴിഞ്ഞ എല്ലാ പ്രാവശ്യവും ഇവിടെ ഉന്നയിച്ച ഒരു കാര്യം, ഈ എക്കണോമിക് റിവ്യൂ കിട്ടുന്നത് ബഡ്ജറ്റിൽ കൂടിയാണ്. കഴിഞ്ഞതിന് മുമ്പത്തെതവണ ഒരിയ്ക്കൽ വന്നു. അതിനുശേഷം തുടർന്നുവരുന്നില്ല. ഇത്തവണ കാലേകൂട്ടിതന്നെ ആ ആവശ്യം സൂചിപ്പിച്ചിരുന്നു. കഴിഞ്ഞതവണ ചർച്ച വന്നു. ഉറപ്പു നൽകിയിരുന്നു. കാലേകൂട്ടി വിതരണം ചെയ്യണമെന്ന് ബഹു.ധനകാര്യവകുപ്പുമന്ത്രിയോട് പ്രത്യേകം ആവശ്യപ്പെട്ടു. അതിന്റെ ഫലമുണ്ടായി എന്ന കാര്യം ചെയർ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ ഇവിടെ എല്ലാ അംഗങ്ങൾക്കും ലഭിക്കുന്നതാണ്. ഇതോടൊപ്പം തന്നെ പത്രപ്രതിനിധികൾക്കും ലഭിക്കുന്നതാണ്. അതിന് മുൻകൈ എടുത്ത ധനകാര്യമന്ത്രിയെ ചെയർ അഭിനന്ദിക്കുകയാണ്.

നിയമസഭാകവാടത്തിൽ പ്രതിപക്ഷസത്യാഗ്രഹം ഇലക്ട്രിസിറ്റി കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്ന തീരുമാനം പുനഃപരിശോധിക്കാത്തതിൽ പ്രതിഷേധിച്ച്

ശ്രീ. എ.കെ. ആന്റണി : സർ, കേരളത്തിലെ 68 ലക്ഷം ഇലക്ട്രിസിറ്റി ഉപഭോക്താക്കളെ, എന്നുപറഞ്ഞാൽ മിക്കവാറും എല്ലാ ഉപഭോക്താക്കളെയും, ബാധിക്കുന്ന ഒരു ജനകീയ പ്രശ്നമാണ് നേരത്തെ ഞാൻ സബ്മിഷൻ മുഖാന്തിരം ഉന്നയിച്ചത്. ഈ ആവശ്യം ഉന്നയിച്ചു. ജനവികാരം മാനിച്ച്, കൺസ്യൂമർ കാർഡ് ഏർപ്പെടുത്താനുള്ള തീരുമാനം നിർത്തി വയ്ക്കുക; വിതരണം ചെയ്ത ഫോം പിൻവലിക്കുക; കൺസ്യൂമർ കാർഡ് കൺസ്യൂമേഴ്സിന് ഉപകാരപ്രദമാണോ, അവർക്ക് സ്വീകാര്യമാണോ, അവർക്ക് ഇഷ്ടമാണോ എന്നതിനെക്കുറിച്ച് കേരളത്തിലെ അംഗീകൃത ഉപഭോക്തൃ സംഘടനാ പ്രതിനിധികളുമായിട്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകുക-ഈ മിതമായ ആവശ്യമാണ് പ്രതിപക്ഷത്തുനിന്നും കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി ഉന്നയിച്ചത്. അത് ആദ്യം നിരസിച്ചു. ഞങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ സഭ ബഹിഷ്കരിച്ചു. അതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവുമില്ല. അതുകൊണ്ട് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ സമ്പൂർണ്ണമായി ബഹിഷ്കരിച്ചുകൊണ്ട് നിയമസഭാ കവാടത്തിൽ, കേരളത്തിലെ ജനവികാരം ഉണർത്താൻവേണ്ടി സത്യാഗ്രഹം നടത്താൻ പോകുകയാണ്.

(പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് പുറത്തുപോയി സഭാകവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിച്ചു)

മേശപ്പുറത്തുവച്ച കടലാസുകൾ (തുടർച്ച)

Minister for Finance (Shri. T.Sivadasa Menon) : Sir, On behalf of the Chief Minister, I lay on the Table :

1. Notification No. 9153/SSA2/2000/Home dated 18th February, 2000 (S.R.O. No. 151/2000)

LIBRARY ARCHIVES Kerala Legislative Assembly